പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6252 | | 10.7.2012 ൽ മറുപടിയ്ക്ക് |
|---|---|---|
| സാമൂഹിക ക്ഷേമ വകുപ്പിന്റെ പേരുമാറ്റം | | |
| ചോദ്യം | | ഉത്തരം |
| ശ്രീമതി.കെ.എസ്. സലീഖ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സാമൂഹിക ക്ഷേമ വകുപ്പിന്റെ പേരുമാറ്റി സാമൂഹിക നീതി വകുപ്പ് എന്നാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സാമൂഹ്യക്ഷേമ വകുപ്പിനെ വിഭജിക്കുന്നതും പുനർ നാമകരണം ചെയ്യുന്നതും സർക്കാരിന്റെ പരിഗണനയിലുള്ള വിഷയങ്ങളാണ്. |
| (ബി) | സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ കേരളം മുൻപന്തിയിലാണോ; ഇതിന്റെ ഭാഗമായിട്ടാണോ സാമുഹികക്ഷേമ ദിനം ആചരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) അതെ. 09.09.1975 ൽ രൂപീകൃതമായ സാമൂഹ്യ ക്ഷേമ വകുപ്പ് ഇതര വകുപ്പുകളെപ്പോലെ ദിനാഘോഷങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ആദ്യമായിട്ടാണ് 15.06.2012ന് സാമൂഹ്യക്ഷേമ ദിനാഘോഷം നടത്തിയത്. ഒരു വർഷ കാലയളവിൽ സർക്കാർ നടത്താൻ പോകുന്ന പദ്ധതികളുടെ പ്രഖ്യാപനങ്ങൾ നടത്തുന്നതിനും മികച്ച അംഗൻവാടി പ്രവർത്തകർക്കും, സി.ഡി.പി.ഒ, സൂപ്പർവൈസർ എന്നിവർക്ക് അവാർഡ് വിതരണം ചെയ്യുന്നതിനും ദിനാഘോഷം വേദിയാക്കുകയുണ്ടായി. സാമൂഹ്യക്ഷേമ വകുപ്പിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കി കൂട്ടായി പ്രവർത്തിക്കു |

| | | |
|---|---|---|
| | | വാനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനുമായി വകുപ്പ് സ്ത്രീ ശാക്തീകരണം ഉൾപ്പെടെ,നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് സെമിനാറും വകുപ്പിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് അവാർഡ്ദാനവും ഉൾപ്പെടുത്തിയുമാണ് സാമൂഹിക ക്ഷേമ ദിനം ആഘോഷിച്ചത്. |
| (സി) | സാമൂഹിക ക്ഷേമദിനത്തോടനുബന്ധിച്ച് നൽകുന്ന മഹിളാരത്നപുരസ്ക്കാരത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | (സി) **2012 മാർച്ച് 8 മുതൽ** 17 വരെ കോഴിക്കോട് വച്ച് നടന്ന ജെന്റർ ഫെസ്റ്റിനോട് അനുബന്ധിച്ച് വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ചതും മുൻകൂട്ടി രൂപീകരിച്ച സ്ക്രീനിംഗ് കമ്മിറ്റിയും, അപ്രൂവൽ കമ്മിറ്റിയും തെരഞ്ഞെടുത്തതുമായ 101 വനിതകൾക്കാണ് മഹിളാരത്ന പുരസ്കാരം പ്രഖ്യാപിച്ചത്. 17.3.2012 ന് കോഴിക്കോട് നിന്നും പ്രസ്തുത പുരസ്കാരം സ്വീകരിക്കാൻ കഴിയാത്തവർക്കു വേണ്ടിയാണ് സാമൂഹ്യക്ഷേമ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് വച്ച് ആയത് നൽകിയത്. |
| (ഡി) | സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് പ്രസ്തുത പുരസ്കാരം നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? | (ഡി) എല്ലാ വിഭാഗങ്ങളിലും പ്രവർത്തിക്കുന്നവരെ പുരസ്കാരത്തിന് യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ